ഉത്തരം

(എ) ' 2014-15 അധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വോള്യം 1 പാഠപുസ്തക വിതരണത്തിൽ ആദ്യം ഉണ്ടായ ചില പാകപ്പിഴവുകൾ യഥാസമയം പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്.

(ബി) 2015-16 അധ്യയന വർഷത്തേയ്ക്കുള്ള ഒന്നുമുതൽ പത്തുവരെയുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ചുമതല കെ.ബി.പി.എസ്.-നാണ് നൽകിയിരുന്നത്. എന്നാൽ സർക്കാർ പ്രസ്സുകളിലും പാഠപുസ്തക അച്ചടി നടന്നു. കേരള സർക്കാരിന് കീഴിലുള്ള C-apt എന്ന സ്ഥാപനത്തിനാണ് 2015-16 അധ്യയന വർഷത്തെ +1, +2 പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഏൽപ്പിച്ചിരിക്കുന്നത്.

(സി) 9,10 ക്ലാസ്സുകളിലെ പാഠപുസ്തക വിതരണം ഏപ്രിൽ, മേയ് മാസങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. മാറ്റമുള്ള പാഠപുസ്തകങ്ങളുള്ള 2,4,6,8 ക്ലാസ്സുകളിലെയും മാറ്റമില്ലാത്ത 1,3,5,7 ക്ലാസ്സുകളിലെയും പാഠപുസ്തക വിതരണത്തിന്റെ 50% മേയ് മാസത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും വിതരണം ചെയ്യേണ്ട പുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസംതന്നെ പൂർത്തീകരിച്ച് സ്കൂളുകളിൽ എത്തിക്കുന്നതായിരിക്കും. പ്ലസ് ടു പാഠപുസ്തക വിതരണം 95% പൂർത്തിയായിട്ടുണ്ട്, പ്ലസ് വൺ ക്ലാസുകളിലെ പുസ്തക വിതരണം ക്ലാസ് തുടങ്ങുന്നതോടെ പൂർത്തിയാകും.

ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷിന്റെ ആത്മഹത്യ

102 (1131) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷ് ആത്മഹത്യ ചെയ്യാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഡി.പി.ഐ. ആഫീസിലെ വിജിലൻസ് വിഭാഗം 18-11-2014 മുതൽ നടത്തിയ അന്വേഷണങ്ങളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അതിൽ കുറ്റാരോപിതർ ആരൊക്കെയാണ് എന്ന് വിശദമാക്കാമോ ; ഇവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ. കെ.. അനീഷിനെതിരെ കള്ളപ്പരാതിയും വ്യാജ സർട്ടിഫിക്കറ്റും ഹാജരാക്കിയതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ ആരാണ് ഇത് ഹാജരാക്കിയത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; സ്കൂൾ മാനേജർക്ക് എതിരെ അന്വേഷണത്തിൽ പരാമർശമുണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കൃ.ഐ.പി. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷണം നടത്തുകയുണ്ടായി. തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കെ. കെ. അനീഷ് സമർപ്പിച്ചിരുന്ന അപ്പീലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ജോയിന്റ് ഡയറക്ടർ (അക്കാഡമിക്) ബന്ധപ്പെട്ടവരെ 22-4-2015-ൽ കേൾക്കുകയുണ്ടായി. ഈ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മൂന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. എന്നാൽ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 12116/15(L) ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ലഭിക്കാതെ ടിയാനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കരുതെന്ന് പ്രസ്തുത WP(C) യിന്മേലുള്ള 10-2-2015-ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 18-11-14-ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്.

(ഡി) ഡോ. കോയ നല്കിയ വുൺഡ് സർട്ടിഫിക്കറ്റ് സംശയം ജനിപ്പിക്കുന്ന തരത്തിലുള്ളതാണെന്ന് 18-11-2014-ലെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മൂന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. എന്നാൽ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 12116/15(L) ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ലഭിക്കാതെ ടിയാനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കരുതെന്ന് പ്രസ്തുത WP(C) യിന്മേലുള്ള 10-2-2015-ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 18-11-14-ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്.

വിദ്യാർത്ഥികളുടെ എണ്ണം

103 (1132) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കുറയുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനായി അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി തിരികെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷൻ നടത്തിവരുന്നു. ഇതിനായി പ്രത്യേക ട്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

കൂടാതെ കൂടുതൽ കുട്ടികളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പ്രാഥമിക പാഠ്യപദ്ധതി പരിഷ്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിൽ സിലബസ്സും പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയും അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുവരുന്നു. കൂടാതെ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ തയ്യാറാക്കി പഠിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly